ED.
19/1/23..

06/01/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**AP.No. 118(5)/18/SIC File No. 394/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി: 06.01.2023**

| | |
|---|---|
| ശ്രീ. അണ്ണയ്യ,<br>S/o Late ദാസൻ,<br>നായമ്മാർമൂല ഹൗസ്,<br>വിദ്യാനഗർ പി.ഒ, കാസറഗോഡ് - 671 123. | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് (എൽ. സെക്ഷൻ),<br>താലൂക്ക് ഓഫീസ്, കാസറഗോഡ്<br><br>ശ്രീ. ഡോണൽ ലാസ്,<br>എസ്.പി.ഐ.ഒ & ഡെപ്യൂട്ടി തഹസിൽദാർ,<br>താലൂക്ക് ഓഫീസ്, കൊല്ലം.<br><br>ശ്രീ. രമേശൻ പി.വി,<br>ഓം നിവാസ്,<br>അമ്മൻകോട്, മൂളിയാർ പി.ഒ<br>കാസറഗോഡ് - 671 542.<br><br>Shri. Ashraf.M,<br>Darul Abrar,<br>Kuthirichira,<br>Punalur – 691 305.<br><br>ശ്രീമതി. സുധ,<br>ഡെപ്യൂട്ടി തഹസിൽദാർ,<br>റവന്യൂ ഡിവിഷണൽ ഓഫീസ്,<br>കൊല്ലം.<br><br>അപ്പീൽ അധികാരി & തഹസിൽദാർ,<br>താലൂക്ക് ഓഫീസ്, കാസറഗോഡ്. | എതിർകക്ഷികൾ |

ഉ

## അന്തിമ ഉത്തരവ്

1. സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ അപ്പീൽ ഹർജിക്കാരനായ ശ്രീ. അണ്ണയ്യ 09.01.2018 തീയതി സമർപ്പിച്ച അപ്പീൽ ഹർജി AP 118(5)/17/SIC യായി കമ്മീഷൻ ഫയലിൽ സ്വീകരിച്ച് 2019 ജൂൺ മാസം 25-ാം തീയതി തീർപ്പാക്കുകയുണ്ടായി. ടി ഉത്തര വിൽ, ചൂണ്ടിക്കാട്ടിയ വീഴ്ച സംബന്ധിച്ച് പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ 19.12.2019 തീയതി കമ്മീഷൻ ആസ്ഥാനത്ത് വച്ച് നിലവിലെ എസ്.പി.ഐ.ഒയെ നേരിൽ കേൾക്കു കയും അതിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസം 6-ാം തീയതി അന്തിമ ഉത്തരവ് നൽകുകയും ഉണ്ടായി.
2. പ്രസ്തുത ഉത്തരവിൽ കാസറഗോഡ് താലൂക്ക് ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. ഡോണൽ ലാസ് എന്ന ഉദ്യോഗസ്ഥന് 15,000/- രൂപ ശിക്ഷ വിധിക്കുകയുണ്ടായി. എന്നാൽ ടി വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് ഒന്നും തന്നെ ടിയാൻ കൈകാര്യം ചെയ്തിട്ടില്ലായെന്നും 13.10.2017 ന് വിവരാവകാശ അപേക്ഷ ലഭിക്കുമ്പോൾ ശ്രീ. എ.എം. അഷ്റഫ് എന്ന വ്യക്തിയായിരുന്നു അന്നത്തെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നും കമ്മീഷന്റെ ഹിയറിംഗിൽ ഹാജരായ എസ്.പി.ഐ.ഒ തെറ്റായി ടിയാന്റെ പേര് പരാമർശിച്ചതാണെന്നും ടിയാൻ 04.11.2017 തീയതിയിലാണ് ജോലിയിൽ പ്രവേശിച്ചതെന്നും ആയതിനാൽ ശിക്ഷയിൽ നിന്നും ഒഴി വാക്കണമെന്നും ആവശ്യപ്പെട്ട് നിരന്തരം കമ്മീഷനെ സമീപിക്കുകയുണ്ടായി.
3. കാസറഗോഡ് താലൂക്ക് ഓഫീസിലെ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒമാരാ യിരുന്ന ശ്രീ. അഷ്റഫ്. എം, ശ്രീ. ഡോണൽ ലാസ്, ശ്രീ.രമേശൻ.പി.വി, ശ്രീമതി സുധ എന്നിവരെ 08.11.2022 ന് കമ്മീഷൻ നേരിൽ കേൾക്കുകയുണ്ടായി. വിവരാവകാശ അപേക്ഷ 13.10.2017 ന് സ്വീകരിച്ചത് ശ്രീ. അഷ്റഫ് എ.എം ആയിരുന്നു. ടിയാൻ 29.11.2016 മുതൽ 31.10.2017 വരെയും 01.11.2017 മുതൽ 02.11.2017 വരെ ശ്രീ. ആന്റോ പി. ജെയും, 03.11.2017 മുതൽ 09.10.2019 വരെ ശ്രീ. ഡോണൽലാസും കാസറഗോഡ് താലൂക്ക് ഓഫീസ് (എൽ) സെക്ഷന്റെ ചാർജ്ജുള്ള ജൂനിയർ സൂപ്രണ്ടും എസ്.പി.ഐ.ഒയുമായി രുന്നു. 06.10.2017 തീയതിയിലെ വിവരാവകാശ അപേക്ഷ 13.10.2017 തീയതിയിലാണ് പി. ആർ പ്രകാരം എൽ 1 സെക്ഷനിൽ കൈപ്പറ്റിയിട്ടുള്ളത്. 13 ദിവസം ശ്രീ. അഷറഫിന്റെ പക്കലായിരുന്നു വിവരാവകാശ അപേക്ഷ. ടി അപേക്ഷയിൻമേൽ 12.11.2017 നകം നിയമാനുസൃത മറുപടി നൽകേണ്ടതായിരുന്നു. തുടർന്ന് അപേക്ഷാകാലയള വിലെ 10 ദിവസവും ഒന്നും രണ്ടും അപ്പീലുകൾ സമർപ്പിക്കുന്ന കാലയളവിലും ശ്രീ. ഡോണൽ ലാസ് ആയിരുന്നു എസ്.പി.ഐ.ഒയായി ഉണ്ടായിരുന്നത്. 15.12.2017 ലെ എൽ6- 233056/17/കെ.ഡിസ് എന്ന കാസറഗോഡ് തഹസിൽദാർ/ അപ്പീൽ അധികാരി യുടെ നടപടിക്രമ പ്രകാരം വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിന് കാസറഗോഡ് താലൂക്ക് എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുള്ളതായി കാണുന്നുവെന്നും അപേക്ഷകന്റെ ആവശ്യം പരിഗണിച്ച് എൽ.എ 33/10 ചെങ്കള ഫയലിന്റ മുഴുവൻ പേജുകളുടെയും പകർപ്പുകൾ സൗജന്യമായി നൽകാനും വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിത മായി മറുപടി നൽകേണ്ടതാണെന്ന് കാസറഗോഡ് താലൂക്ക് ഓഫീസിലെ എൽ സെക്ഷൻ ജൂനിയർ സൂപ്രണ്ട് കൂടിയായ എസ്.പി.ഐ.ഒയ്ക്ക് ഒന്നാം അപ്പീൽ അധി

കാരി കൂടിയായ തഹസിൽദാർ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. രണ്ടാം അപ്പീൽ സ്വീകരിച്ചതിനെ തുടർന്നുള്ള ഹിയറിംഗ് നോട്ടീസ് അയയ്ക്കുമ്പോഴും റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോഴും കമ്മീഷൻ 25.06.2019 തീയതി ഉത്തരവ് പുറപ്പെടുവിച്ചപ്പോഴും ശ്രീ. ഡോണൽ ലാസ് ആയിരുന്നു എസ്.പി.ഐ.ഒയുടെ സ്ഥാനത്ത് ഉണ്ടായിരുന്നത്

4. 05.03.2019 ന് കാസറഗോഡ് കളക്ടറേറ്റിൽ നടന്ന കമ്മീഷന്റെ ഹിയറിംഗിലും ടിയാൻ പങ്കെടുക്കുകയുണ്ടായില്ല. പകരം പ്രതിനിധിയായി ജെ സെക്ഷൻ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീ. പി.വി. രമേശൻ ആണ് പങ്കെടുത്തിട്ടുള്ളത്. കമ്മീഷന്റെ ഹിയറിംഗ് നോട്ടീസിനോടും കമ്മീഷന്റെ ഉത്തരവിനോടും അവഹേളനപരവും ധിക്കാരപരവുമായ നടപടിയാണ് ശ്രീ. ഡോണൽ ലാസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സ്വീകരിച്ച് 16–ാം ദിവസം മുതൽ ശ്രീ. ഡോണൽ ലാസ് ആയിരുന്നു എസ്.പി.ഐ.ഒ എന്നതും ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം വിവരം നൽകാതിരുന്നതും കമ്മീഷന്റെ ആദ്യ ഹിയറിംഗ് തീയതിയിൽ ഹാജരാകാതിരുന്നതും 20(1) വകുപ്പ് പ്രകാരമുള്ള വിശദീകരണം നൽകുന്നതിന് സമ്മതമല്ല എന്നറിയിച്ചതും ശ്രീ. ഡോണൽ ലാസിന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചയായി ബോദ്ധ്യപ്പെട്ടതിനാലാണ് കമ്മീഷൻ ശിക്ഷ വിധിച്ചത്.

5. കമ്മീഷന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച ശേഷം അപ്പീൽ ഉത്തരവിലെ ഫയലിന്റെ പകർപ്പ് ഹർജിക്കാരന് 18.12.2019 തീയതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതായി അറിയിക്കുകയും വിവരാവകാശ നിയമപ്രകാരം ഭൂമി പതിവ് ഫയലുകളുമായി മാത്രം ബന്ധപ്പെട്ട് അനവധി അപേക്ഷകളാണ് ദിവസവും ലഭിക്കുന്നതെന്നും ആയതിൻമേൽ സമയബന്ധിതമായി മറുപടി നൽകുവാൻ പരമാവധി ശ്രമിച്ചുവരുന്നതാണെന്നും, അപേക്ഷകളുടെ ബാഹുല്യം കാരണം ടി കാലയളവിലെ എസ്.പി.ഐ.ഒ കൂടിയായ ജൂനിയർ സൂപ്രണ്ട് എൽ സെക്ഷൻ ആയിരുന്ന ശ്രീ. ഡോണൽ ലാസിന് പിഴവ് സംഭവിച്ചിട്ടുള്ളതാണന്നും ടിയാന്റെ ഭാഗത്തു നിന്നും ബോധപൂർവ്വമല്ലാതെ സംഭവിച്ചുപോയ പിഴവ് സദയം മാപ്പാക്കണമെന്നും, മേൽ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും വിനയപുരസ്സരം അപേക്ഷിച്ച് കൊള്ളുന്നുവെന്നും നിലവിലെ എസ്.പി.ഐ.ഒ ശ്രീമതി സുധ. ഡി കമ്മീഷൻ മുമ്പാകെ രേഖാമൂലം ബോധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ടിയാന് വേണ്ടി മാപ്പപേക്ഷ നൽകിയ ശ്രീമതി സുധയെ, ആണ് ശ്രീ. ഡോണൽ ലാസ് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ എന്ന് തെറ്റായ വിവരം കമ്മീഷൻ മുമ്പാകെ നൽകിയത് എന്ന കാരണം പറഞ്ഞ് നേരിട്ട് ഓഫീസിനുള്ളിൽ ചെന്ന് പരസ്യമായി ഭീഷണിപ്പെടുത്തിയതായി ശ്രീമതി സുധ കമ്മീഷനെ ബോധിപ്പിച്ചു.

6. ശ്രീ. ഡോണൽ ലാസ് കമ്മീഷനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഭാഗം ഒരിക്കൽ കൂടി കേൾക്കുന്നതിന് അവസരം നൽകുകയും 18.11.2022 തീയതി ശ്രീ. ഡോണൽ ലാസ്, ശ്രീ. അഷറഫ്. എം, ശ്രീ. രമേശൻ പി.വി, ശ്രീമതി സുധ എന്നിവരെ കമ്മീഷൻ ആസ്ഥാനത്ത് വച്ച് കേൾക്കുകയുണ്ടായി. കമ്മീഷൻ മുമ്പാകെ നൽകിയ എതിർകക്ഷികളുടെ മൊഴികൾ പരിശോധിച്ചതിൽ ശ്രീ അഷറഫ് എം. ന്റെ പക്കൽ പ്രസ്തുത വിവരാവകാശ അപേക്ഷ 13 ദിവസമാണ് ഉണ്ടായിരുന്നത്. തുടർന്ന് ശ്രീ. പി. ജെ. ആന്റോക്കും അപേക്ഷയ്ക്ക് മറുപടി നൽകുവാനുള്ള ബാദ്ധ്യതയുണ്ടായിരുന്നു എങ്കിലും രണ്ട് ദിവസമാത്രമാണ് ടിയാൻ പ്രസ്തുത സ്ഥാനത്ത് ഉണ്ടായിരുന്നത് ആയതിനാൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കുന്നു. മേൽ സാഹചര്യത്തിൽ 2020 മാർച്ച് മാസം 06–ാം തീയതി പുറപ്പെടുവിച്ച അന്തിമ ഉത്തരവ് റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം നിർദ്ദേശം നൽകുന്നു.

gs

7. കമ്മീഷന്റെ ശിക്ഷാ വിധി നടപ്പാക്കാതെ ശമ്പളം എഴുതാതിരിക്കാൻ ഡി.ഡി.ഒയ്ക്ക് കത്ത് നൽകുകയും കമ്മീഷൻ ഉത്തരവ് പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് നിരന്തരം കമ്മീഷനെ സമീപിക്കുകയും ചെയ്തത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണ്. കമ്മീഷൻ ഉത്തരവുകൾ പുനപരിശോധനയ്ക്ക് വിധേയമല്ല അതിനുളള അധികാരം ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീംകോടതിയിലും മാത്രം നിക്ഷിപ്തമാണ്. കൂടാതെ യാതൊരു കാരണവുമില്ലാതെ സത്യസന്ധമായ വിവരം നൽകിയ ഉദ്യോഗസ്ഥയെ ഓഫീസിൽ ചെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്ത ടിയാൾക്കെതിരെ വകുപ്പ് 20(1), 20(2) എന്നീ ശിക്ഷാ വിധികൾ നടപ്പാക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു.

8. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകാതിരുന്നത്, അപേക്ഷ കൈകാര്യം ചെയ്ത കാലയളവിലെ എതിർകക്ഷികളുടെ വീഴ്ചയായി കമ്മീഷൻ വിലയിരുത്തി പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ മാരായ ശ്രീ. അഷറഫ്. എം, ശ്രീ. ഡോണൽ ലാസ് എന്നിവർക്ക് ശിക്ഷയായി ശ്രീ. അഷ്റഫ്. എം, 3,250/– രൂപ, (മൂവായിരത്തി ഇരുനൂറ്റി അൻപത് രൂപ മാത്രം) ശ്രീ. ഡോണൽ ലാസ് 21,750/- രൂപ (ഇരുപത്തി ഒന്നായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷികളായ ശ്രീ. എം. അഷറഫ് (3,250/– രൂപ), ശ്രീ. ഡോണൽ ലാസ് 21,750/ - രൂപ, **"0070-60-118-99 Receipts Under the Right to Information Act, 2005"** എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷികളുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുകളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കാവുന്നതാണ്.

9. *വിവരാവകാശ നിയമം വകുപ്പ് 20(2) പ്രകാരമുള്ള ശിക്ഷാനടപടി നടപ്പിലാക്കുന്നതിനു വേണ്ടി ടി ഉത്തരവിന്റെ പകർപ്പ് മേലധികാരിയായ കൊല്ലം ജില്ലാ കളക്ടർക്ക് കമ്മീഷൻ സെക്രട്ടറി അയച്ചു നൽകേണ്ടതാണ്.*

10. ഇപ്രകാരം ഈ അപ്പീൽഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 6–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ശ്രീലത. പി.ആർ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി